Draft #1 of File 3518/AC.C II ASSISTANT1/2018/AC C 2 Approved by Assistant Registrar on 22-Dec-2018 12:52 PM - Page 1

**MAHATMA GANDHI UNIVERSITY, KERALA**

**Abstract**

കോളേജ്/ കോഴ്സ് അഫിലിയേഷൻ ഉത്തരവുകൾ ഇംഗ്ളീഷിൽ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**AC A 1**

No. 232/2018/MGU-ADMINISTRATION Dated: 22.12.2018

---

*Read:-*പരാമർശം : 1. 26.10.2018 തീയതിയിലെ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ ഉത്തരവ്

2. 10.12.2018 ൽ കൂടിയ സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി നടപടി ഇനം നം.186207

**ORDER**

2017-18 അദ്ധ്യയന വർഷം മല അരയ എഡ്യൂക്കേഷണൽ ട്രസ്റ്റിൻെറ കീഴിൽ പ്രവർത്തനം ആരംഭിച്ച എയ്ഡഡ് ആർട്ട്സ് & സയൻസ് കോളേജായ മുരിക്കുംവയൽ, ശ്രീ ശബരീശ കോളേജ്, കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിൻെറ ഗ്രാൻറുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനു വേണ്ടി കോളേജിൻെറ അഫിലിയേഷൻ ഉത്തരവ് ഇംഗ്ളീഷ് പരിഭാഷയിൽ നൽകണമെന്ന് ആവശ്യപ്പെടുകയും, മേൽപരാമർശം (1) പ്രകാരം, ടി ഉത്തരവ് ഇംഗ്ളീഷിൽ പരിഭാഷപ്പെടുത്തി നൽകുകയുണ്ടായി.

യു ജി സി, എൻ സി ടി ഇ, എ ഐ സി ടി, ആർ സി ഐ, ബി സി ഐ മുതലായ സ്ഥാപനങ്ങളിൽ സർവ്വകലാശാലാ ഉത്തരവുകൾ മലയാളത്തിൽ സമർപ്പിക്കുന്നത് അനുചിതമാണ് .

ആയതിനാൽ, കോളേജ് /കോഴ്സ് ഉത്തരവുകൾ യു ജി സി, എൻ സി ടി ഇ, എ ഐ സി ടി, ആർ സി ഐ, ബി സി ഐ മുതലായ സ്ഥാപനങ്ങളിൽ സമർപ്പിക്കേണ്ട ആവശ്യം പരിഗണിച്ച്, ടി ഉത്തരവുകൾ ഇംഗ്ളീഷിൽ കൂടി പുറപ്പെടുവിക്കുന്നതിന് മേൽപരാമർശം (2) പ്രകാരം, സർവകലാശാല സിൻഡിക്കേറ്റിന്റെ അഫിലിയേഷൻ ഉപസമിതി ശുപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം, സിൻഡിക്കേറ്റിൻെറ അഫിലിയേഷൻ ഉപസമിതിയുടെ ടി തീരുമാനം, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

SUKUMARAN T.B.

Assistant Registrar

Copy To

1.വൈസ് ചാൻസലർ /പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2.രജിസ്ട്രാർ/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് /ഫിനാൻസ് ഓഫീസർ എന്നിവരുടെ പിഎ മാർ

3.ജെ ആർ (പരീക്ഷ /ഭരണം)

4.ഡി ആർ /എ ആർ(പരീക്ഷ /അക്കാദമിക്)

5.എ സി സി1 /എ സി സി2/ സി എ സീ എ 7 / എ സി ബി 6 / കൺട്രോളർ ഓഫ് എക്സാമിനേഷൻസ് സെക്ഷൻ

6.പി ആർ ഒ /കൺടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ ക്യൂ എ സി

7.എൻക്വയറി

8.കരുതൽ ഫയൽ /ഫയൽ കോപ്പി /റെക്കോർഡ്സ്

Draft #1 of File 3518/AC.C II ASSISTANT1/2018/AC C 2 Approved by Assistant Registrar on 22-Dec-2018 12:52 PM - Page 2